I/44452/2023

**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website:www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്കു**
**ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ: ശ്രീകുമാർ ബി,ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല)**

വിഷയം :- ഡിഇഎസ്- ജനറൽ -പി പി സി വിഭാഗത്തിന്റെ ഭാഗമായി Data Analytics Unit രൂപീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. 26/09/2022 തീയതിയിലെ GO (Rt) 372/2022/P&EA നമ്പർ സർക്കാർ ഉത്തരവ്.
2. 13-09-2023 ലെ അവലോകന യോഗ മിനുട്സ്.

**ഉത്തരവ് നമ്പർ:ഡിഇഎസ്; തീയതി: 07-10-2023**

സ്ഥിതിവിവരക്കണക്കുകൾ യഥാസമയം വിശകലനം ചെയ്ത് പ്രാദേശിക വികസനത്തിനും തദ്വാരാ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും വികസനത്തിന് ഉതകുന്ന വിവരങ്ങൾ നൽകേണ്ടതുണ്ട്. വകുപ്പിന്റെ സമഗ്രമായ നവീകരണത്തിന് വേണ്ടി രൂപീകരിച്ച Revamping Action Team (RAT) ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായും (വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ) ചർച്ച നടത്തി പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുകയാണ്. സംസ്ഥാനത്തെ സ്ഥിതിവിവരക്കണക്ക് സംവിധാനം വിശകലനം ചെയ്ത് വിലയിരുത്തുന്നതോടൊപ്പം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ CORE Team ആയി RAT പ്രവർത്തിച്ച് വരുന്നു.

വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായും (DUK) യോജിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇതിന്റെ ഭാഗമായി 19 ജീവനക്കാർക്ക് ' Capacity Building in Artificial Intelligence & Data Analytics' എന്ന വിഷയത്തിൽ DUK പരിശീലനം നൽകുകയുണ്ടായി. തുടർന്നും തെരഞ്ഞെടുക്കപ്പെടുന്ന ജീവനക്കാർക്ക് പ്രസ്തുത കോഴ്സിൽ പരിശീലനം നൽകാൻ DUK സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയവരെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ഡയറക്ടറേറ്റ് തലത്തിൽ ഒരു Data Analytics Unit (DAU) രൂപീകരിക്കുവാൻ പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത Data Analytics Unit ൽ വൈദഗ്ധ്യം ലഭിച്ച ജീവനക്കാരെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനം നടത്തുന്നതാണ്. ജില്ലകളിലോ മറ്റ് വകുപ്പുകളിലോ ജോലി ചെയ്യുന്ന പരിശീലനം സിദ്ധിച്ച സ്ഥിതിവിവരക്കണക്ക് ജീവനക്കാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ഒരു ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തുന്നതാണ്. ഇത്തരത്തിൽ ഒരു പ്രോജക്ടിനെ പല പ്രവൃത്തികളായി വീതിച്ച് നൽകി അതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്യുകയും, വിവധ പ്രവൃത്തികളെ സംയോജിപ്പിച്ചുകൊണ്ട് പ്രോജക്ട് പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ ചുമതല ഡയറക്ടറേറ്റിലെ Data Analytics Unit ന്

ആയിരിക്കും.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Data Analytics Unit (DAU) ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം രൂപീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി കെ. ഷൈലമ്മ | ജോയിന്റ് ഡയറക്ടർ |
| 2 | ശ്രീ പ്രീത് വി. എസ് | നോസോളോജിസ്റ്റ് |
| 3 | ശ്രീ അഭിലാഷ് കെ. വി | റിസർച്ച് ഓഫീസർ |
| 4 | കുമാരി ബേബി സിന്ധു | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 |
| 5 | കുമാരി മീനു മെറിൻ ആൻഡ്രൂസ് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 |

മേൽ പറഞ്ഞ ഉദ്യോഗസ്ഥരിൽ ക്രമ നമ്പർ 1 മുതൽ 3 വരെയുള്ളവർ അവരുടെ നിലവിലുള്ള ചുമതലകൾക്ക് പുറമെ Data Analytics Unit (DAU) ന്റെ അധികചുമതല കൂടി നിർവഹിക്കേണ്ടതാണ്. Data Analytics Unit (DAU) ഒരു പ്രത്യേക യൂണിറ്റ് ആയി പ്രവർത്തിക്കേണ്ടതാണ്. യൂണിറ്റിൽ ഉൾപ്പെടുത്തിയ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2 ഉദ്യോഗസ്ഥരിൽ ഒരാൾ സാങ്കേതിക കാര്യങ്ങൾക്കു പുറമെ ഫയലുകൾ കൂടി കൈകാര്യം ചെയ്യുകയും, ഫയലുകൾ റിസർച്ച് ഓഫീസർ → ഡെപ്യൂട്ടി ഡയറക്ടർ → ജോയിന്റ് ഡയറക്ടർ → അഡീഷണൽ ഡയറക്ടർ (ജനറൽ) → ഡയറക്ടർ എന്ന രീതിയിൽ സമർപ്പിക്കേണ്ടതാണ്.

ASI വിഭാഗത്തിലെ കുമാരി ബേബി സിന്ധു, PPC വിഭാഗത്തിൽ നിന്നുള്ള കുമാരി മീനു മെറിൻ ആൻഡ്രൂസ് എന്നിവരെ Data Analytics Unit-ൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ, പ്രസ്തുത വിഭാഗങ്ങളിൽ പകരം ജീവനക്കാരെ ജീവനക്കാര്യ വിഭാഗത്തിൽ നിന്നും നിയമിക്കുന്നതുവരെ കുമാരി ബേബി സിന്ധു, ASI വിഭാഗത്തിലേയും കുമാരി മീനു മെറിൻ ആൻഡ്രൂസ്, പി.പി.സി വിഭാഗത്തിലേയും ജോലികൾ കൂടി നിർവഹിക്കേണ്ടതാണ്. Data Analytics Unit നു ആവശ്യമായ സാങ്കേതിക സഹായം കമ്പ്യൂട്ടർ ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ നൽകേണ്ടതാണ്.

Signed by
Sreekumar B
Date: 07-10-2023 11:46:14

DIRECTOR(FULL ADDITIONAL CHARGE) DES

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് : - ഡയറക്ടറുടെ സിഎ
എല്ലാ അഡീഷണൽ ഡയറക്ടർമാരുടെ സിഎ മാർക്കും
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി എ.
ജോയിന്റ് ഡയറക്ടർ പി പി സി വിഭാഗം.
ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ ഡിവിഷൻ.
സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ , ജീവനക്കാര്യം.